ഭരണഭാഷ .... മാതൃഭാഷ

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ഷീബ ജോർജ്ജ് IAS)**

തിരുവനന്തപുരം

ഉത്തരവ് നം:ഇ9/1020/18 തീയതി : 06/12/2019

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം – 01/01/2013 മുതൽ 31/12/2015 വരെ സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് – ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 17/7/2014 ലെ ഇ4/6216/14 നമ്പർ നടപടിക്രമങ്ങൾ

(2) സാമൂഹ്യനീതി ഡയറക്ടറുടെ 29/06/2016 ലെ ഇ9/10441/15 നമ്പർ നടപടിക്രമങ്ങൾ

(3) സാമൂഹ്യനീതി ഡയറക്ടറുടെ 29/6/2018 ലെ ഇ9/1020/18 നമ്പർ നടപടിക്രമങ്ങൾ

(4) സാമൂഹ്യനീതി ഡയറക്ടറുടെ 04/6/1019 ലെ ഇ9/1020/18 നമ്പർ നടപടിക്രമങ്ങൾ

(5) സാമൂഹ്യനീതി ഡയറക്ടറുടെ 04/6/1019 ലെ ഇ9/1020/18(2) നമ്പർ നടപടിക്രമങ്ങൾ

(6) കുറ്റിപ്പുറം ശിശുവികസന പദ്ധതി ഓഫീസറുടെ 16/7/2019 ലെ 235/19 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിൽ 01/01/2016 മുതൽ 31/12/2017 വരെ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ കരട് സീനിയോറിട്ടി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ ക്രമ നം.66 ആയി ഉൾപ്പെട്ടതും 04/10/2016 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് ലഭിച്ചതുമായ ശ്രീ.വിനോദ്.ബി.എൽ പരാമർശം (1) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരനായിരുന്നു. എന്നാൽ ടിയാൻ ഉദ്യോഗക്കയറ്റം ലഭിച്ച് മൂന്നു വർഷക്കാലയളവിനുള്ളിൽ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ താൽക്കാലിക ഉദ്യോഗക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് ലഭിക്കുവാൻ അർഹതയുണ്ടായിരുന്നു. ആയതിനാൽ ടിയാനെ ഒഴിവാക്കിയാണ് 01/01/2016 മുതൽ 31/12/2017 വരെ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നത്. ടിയാന്റെ സീനിയോറിട്ടി നിശ്ചയിച്ച് പ്രത്യേകം ഉത്തരവു പുറപ്പെടുവിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

എസ്.സി വിഭാഗത്തിൽപ്പെട്ട ശ്രീ.വിനോദ്.ബി.എൽ ന് പരാമർശം (1) ഉത്തരവു പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിയ്ക്കുകയും ടിയാൻ 2016 ജൂലൈ മാസത്തിൽ നടന്ന വകുപ്പുതല പരീക്ഷകൾ വിജയിക്കുകയും ചെയ്തിരുന്നു. താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച് മൂന്നു വർഷക്കാലയളവിനുള്ളിൽ വകുപ്പുതല പരീക്ഷകൾ വിജയിച്ച സാഹചര്യത്തിൽ ശ്രീ.വിനോദ്.ബി.എൽ ന് താൽക്കാലിക ഉദ്യോഗക്കയറ്റം ഉത്തരവ് തീയതി പ്രാബല്യത്തിൽ ക്രമീകരിയ്ക്കപ്പെടുവാൻ അർഹതയുണ്ട്. എന്നാൽ ടിയാന് അർഹതപ്പെട്ട ഒഴിവ് താൽക്കാലിക ഉദ്യോഗക്കയറ്റതീയതിയായ 17/07/2014 ന് മുൻപ് 31/07/2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്നിരുന്നു. എന്നാൽ ശ്രീ.വിനോദ്.ബി.എൽ 2016 ജൂലൈ മാസത്തിലാണ് വകുപ്പ് തല പരീക്ഷകൾ വിജയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ടിയാന് വകുപ്പുതല പരീക്ഷകൾ വിജയിച്ചതിന് മൂന്നു വർഷം മുമ്പുള്ള തീയതിയായ 2013 ജൂലൈ 31 മുതൽ നിലവിൽ വന്ന ഒഴിവുകളിൽ മാത്രമാണ് സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് ലഭിയ്ക്കുവാൻ അർഹതയുള്ളത്. പ്രസ്തുത ഒഴിവ് 28/11/2013 ൽ ആണ് നിലവിൽ വന്നത്.

ഈ സാഹചര്യത്തിൽ ശ്രീ.വിനോദ്.ബി.എൽ ന് 01/01/2013 മുതൽ 31/12/2015 വരെ സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഗ്രേഡേഷൻ ലിസ്റ്റിൽ ക്രമ നം. 29 ആയ ശ്രീ.വി.സുബിയ്ക്കും ക്രമ നം. 30 ആയ ശ്രീ.കെ.ശശിയ്ക്കും ഇടയിലായി ക്രമ നം 29 (എ) ആയി ഉൾപ്പെടുവാൻ അർഹനാണ്.

സാമൂഹ്യനീതി ഡയറക്ടറുടെ 06/11/2015 ലെ ഇ4-6216/14 നമ്പർ നടപടിക്രമപ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിയ്ക്കുകയും 2017 ജനുവരി മാസത്തിൽ വകുപ്പുതല പരീക്ഷകൾ വിജയിക്കുകയും ചെയ്ത ശ്രീമതി സുദർശന.റ്റി യ്ക്ക് 05/05/2013 തീയതിയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് നൽകി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ വകുപ്പു തല പരീക്ഷകൾ വിജയിച്ചതിന് 3 വർഷത്തിനു മുൻപായി അസൈൻമെന്റ് നൽകിയതിനെതിരെയുള്ള ആക്ഷേപം പരാമർശം (6) പ്രകാരം ലഭ്യമായിട്ടുണ്ട്.

അപേക്ഷ പരിശോധിച്ചതിൽ നിന്നും ജീവനക്കാരിയ്ക്ക് വകുപ്പുതല പരീക്ഷകൾ വിജയിച്ച 2017 ജനുവരി യ്ക്ക് മൂന്നു വർഷം മുൻപു വരെയുള്ള തീയതിയിൽ മാത്രമാണ് സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് ലഭിയ്ക്കുവാൻ അർഹതയുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി സുദർശന.റ്റി യ്ക്ക് 01/01/2013 മുതൽ 31/12/2015 വരെ സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഗ്രേഡേഷൻ ലിസ്റ്റിൽ ക്രമ നം. 31 ആയ ശ്രീ.സജിത്ത്.പി.നായർക്കും ക്രമ നം. 32 ആയ ശ്രീസുഗതൻ.എസ്.ജി യ്ക്കും ഇടയിലായി ക്രമ നം 31 (എ) ആയി ഉൾപ്പെടുവാനാണ് അർഹതയുള്ളത്.

ഈ സാഹചര്യത്തിൽ 01/01/2013 മുതൽ 31/12/2015 വരെ സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ചുവടെ ചേർക്കും പ്രകാരം ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയും ശ്രീമതി സുദർശന.റ്റി യ്ക്ക് അസൈൻമെന്റ് നൽകിയിരുന്ന പരാമർശം (5) ലെ ഉത്തരവ് റദ്ദു ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No | Name | Date of Birth | Qualification | | Date of Declaration of Probation in LDC/Clerk – Typist | Date of Assignment | Remarks |
|---|---|---|---|---|---|---|---|
| | | | Educational | Department Test | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 29 A | Sri Vinod.B.L | 29/1/1979 | SSLC | MOP,A/C Test (L) 07/2016 | 14/7/2009 | 29/07/2013 | |
| 31 A | Smt.Sudharsana.T | 20/4/1973 | BA, B Ed | MOP, A/C Test 01/2017 | 18/03/2013 | 30/5/2014 | |

ജീവനക്കാർക്ക് 19/10/2007 ലെ G.O(P) No. 515/2007/Fin പ്രകാരം അനുവദനീയമായ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

പരാമർശം (2) ലെ ഉത്തരവ് മേൽ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്

1. എല്ലാ കാര്യാലയമേധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഇ1, ഇ2 സീറ്റുകൾക്ക്
4. സെക്ഷൻ/ സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്